"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - ജീവനക്കാര്യം - കോട്ടയം നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സൗമ്യ ജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2038/20 നമ്പർ കേസിലെ 11.01.2023 തീയതിയിലെ ഉത്തരവ് - നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1370/2023/LSGD    തീയതി,തിരുവനന്തപുരം, 04-07-2023

---

പരാമർശം:-

1. കോട്ടയം നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സൗമ്യ ജി സർക്കാരിൽ സമർപ്പിച്ച 23.11.2020 തീയതിയിലെ നിവേദനം.(അനക്ഷർ എ7 )
2. ശ്രീമതി.സൗമ്യ ജി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2038/20 നമ്പർ കേസിലെ 11.01.2023 തീയതിയിലെ ഉത്തരവ്
3. തസ്വഭവ പ്രിൻസിപ്പൽ ഡയറക്ടറുടെ 27.06.2023 തീയതിയിലെ LSGD/PD/11564/2023-DEC3 നമ്പർ കത്ത്.

**ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺസർവ്വീസിൽ കോട്ടയം നഗരസഭയിൽ എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീമതി.സൗമ്യ ജി സർക്കാരിൽ സമർപ്പിച്ച പരാമർശം 1 നിവേദനം പ്രകാരം, കോട്ടയം മുനിസിപ്പാലിറ്റിയിൽ 15.05.2014 ൽ സേവനത്തിൽ പ്രവേശിച്ച ടിയാൾ 02.03.2016 ൽ ടി വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് വനം വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചതായും, തുടർന്ന് വ്യക്തിഗത അപേക്ഷപ്രകാരം പ്രസ്തുത വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് 20.12.2017 ൽ തിരികെ കോട്ടയം നഗരസഭയിൽ പുന:പ്രവേശിക്കുകയും ചെയ്തതായും അറിയിച്ചിരുന്നു. 02.11.2020 തീയതിയിലെ സ്ഥാനക്കയറ്റ ഉത്തരവിൽ തന്റെപേര് ഉൾപ്പെടുത്തിയിട്ടില്ലായെന്നും, അതിനാൽ 15.05.2014 മുതലുള്ള മാതൃവകുപ്പിലെ തന്റെ സേവനകാലം പരിഗണിച്ച് പ്രൊബേഷൻ ഡിക്ലയർ ചെയ്യുന്നതിനും സീനിയോരിറ്റി മാനദണ്ഡങ്ങൾ മറികടന്ന് നടത്തിയിട്ടുള്ള സീനിയർക്ലർക്ക് തസ്തികയിലേക്കുള്ള ഉദ്യോഗക്കയറ്റ ഉത്തരവ് പുനപരിശോധിച്ച് തനിക്ക് അർഹമായ ഉദ്യോഗക്കയറ്റം ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്നും ടിയാൾ അപേക്ഷിക്കുകയുണ്ടായി.

2. മേൽ വിഷയവുമായി ബന്ധപ്പെട്ട് ശ്രീമതി.സൗമ്യ ജി ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA 2038/20 നമ്പർ കേസിലെ 11.01.2023 തീയതിയിലെ

ഉത്തരവ് പ്രകാരം, 20.12.2019 പ്രാബല്യത്തിൽ അപേക്ഷകയുടെ പ്രൊബേഷൻ പ്രഖ്യാപിച്ച അനക്ഷർ A4, അനക്ഷർ A5 എന്നിവയിൽ ഒരു ഇടപെടലും ആവശ്യമില്ലെന്ന് ബഹുമാനപ്പെട്ട ട്രൈബ്യൂണൽ കണ്ടെത്തുകയും, എന്നാൽ മുൻസിപ്പൽ കോമൺ സർവീസിലെ സീനിയോറിറ്റിക്ക് വേണ്ടിയുള്ള അപേക്ഷകയുടെ അനുബന്ധം A7 നിവേദനം, ഉത്തരവിൽ പരാമർശിച്ചിരിക്കുന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെയും ഹൈക്കോടതിയുടെയും നിയമത്തിന്റെ വെളിച്ചത്തിൽ, ഉത്തരവിന്റെ പകർപ്പ് ലഭിച്ച തീയതി മുതൽ മൂന്ന് മാസത്തിനുള്ളിൽ സർക്കാർ പരിഗണിക്കണമെന്ന് നിർദ്ദേശിച്ചിരുന്നു.

3. ഇക്കാര്യം പരിശോധിച്ചതിൽ 15.05.2014 ന് മുനിസിപ്പൽ കോമൺ സർവീസിൽ എൽ ഡി ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച ശ്രീമതി. സൗമ്യ ജി, 01.03.2016 ന് വനം വകുപ്പിൽ ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ ചേരുന്നതിന് മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് റിലീവുചെയ്യുകയും തുടർന്ന് അവിടെ നിന്നും വിടുതൽ ചെയ്യുകയും അപേക്ഷകയുടെ അഭ്യർത്ഥനയുടെ അടിസ്ഥാനത്തിൽ 27.11.2017-ലെ ഉത്തരവ് പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ വീണ്ടും നിയമനം ലഭിക്കുകയും ചെയ്തു. മുനിസിപ്പൽ കോമൺ സർവീസിൽ നിന്ന് വിടുതൽ സമയത്ത് അപേക്ഷക പ്രൊബേഷൻ കാലയളവ് പൂർത്തിയാക്കിയിട്ടില്ലാത്തതിനാൽ, കെഎസ് & എസ്എസ്ആറിന്റെ റൂൾ 8(സി) യുടെ പ്രൊവിസോ പ്രകാരം മുനിസിപ്പൽ കോമൺ സർവീസിൽ വീണ്ടും പ്രവേശിച്ച തീയതിയായ 20.12.2017 മുതൽ ശ്രീമതി സൌമ്യ ജി യുടെ നിരീക്ഷണ കാലം ആരംഭിക്കുകയും പ്രൊബേഷൻ 20.12.2019 തീയതി പ്രാബല്യത്തിൽ ഡിക്ലയർ ചെയ്യുകയുമുണ്ടായി.

4. ശ്രീമതി. സൗമ്യ ജി.യുടെ സീനിയോറിറ്റി പുനസ്ഥാപിക്കണമെന്ന ആവശ്യത്തിൽ തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം 3 റിപ്പോർട്ട് പ്രകാരം, കോട്ടയം മുനിസിപ്പാലിറ്റിയിൽ 15.05.2014 ൽ സേവനത്തിൽ പ്രവേശിച്ച ശ്രീമതി സൌമ്യ ജി , 02.03.2016 ൽ നഗരകാര്യ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് വനം വകുപ്പിൽ സേവനത്തിൽ പ്രവേശിച്ചതായും, അവിടെ ഒരു വർഷവും 9 മാസവും 17 ദിവസത്തെ സേവനത്തിനു ശേഷം അവിടെ നിന്നും വിടുതൽ ചെയ്ത് 20.12.2017 ൽ തിരികെ കോട്ടയം നഗരസഭയിൽ പുനപ്രവേശിക്കുകയും ചെയ്തതായും അറിയിക്കുന്നു. ശ്രീമതി സൌമ്യ ജി യുടെ നിരീക്ഷണ കാലം 20.12.2017 മുതൽ ആരംഭിക്കുകയും പ്രൊബേഷൻ 20.12.2019 തീയതി പ്രാബല്യത്തിൽ ഡിക്ലയർ ചെയ്തിട്ടുണ്ട് എന്നും അറിയിക്കുന്നു. എന്നാൽ 02.11.2020 ൽ നടന്ന സ്ഥാനക്കയറ്റത്തിന് അടിസ്ഥാനമായ 01.12.2017ലെ സീനിയോറിറ്റി പട്ടികയിൽ ടിയാരി ഉൾപ്പെട്ടതായി കാണുന്നില്ലായെന്നതിനാൽ ശ്രീമതി. സൗമ്യ ജി യെ മുനിസിപ്പൽ സർവിസിലെ ക്ലർക്കുമാരുടെ സിനിയോരിട്ടി ലിസ്റ്റിലെ ക്രമനമ്പർ 255 ശ്രീ. രാജു ഇ എം നും ക്രമനമ്പർ 256 ശ്രീ. ഷാജി കെ യ്ക്കും ഇടയിലായി പുനസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നതായി പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പ്രിൻസിപ്പൽ ഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം ശ്രീമതി.സൗമ്യ ജി-യുടെ അനക്ഷർ എ 7 നിവേദനത്തിലെ ആവശ്യപ്രകാരമുള്ള ടിയാളുടെ സിനിയോറിറ്റി പുന:സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രിൻസിപ്പൽ ഡയറക്ടർ സ്വീകരിച്ചു വരുന്നതാണ്. മേൽ സാഹചര്യത്തിൽ പ്രസ്തുത നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർക്ക് നിർദ്ദേശം

നൽകിക്കൊണ്ട് അനക്ഷർ എ 7 നിവേദനം തീർപ്പാക്കി ഉത്തരവാകുന്നു.

6. മേൽ പ്രകാരം ഒ.എ. 2038/20 നമ്പർ കേസിലെ 11.01.2023 തീയതിയിലെ ഉത്തരവിലെ നിർദ്ദേശം നടപ്പിലാക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR MANJU K
അണ്ടർ സെക്രട്ടറി

തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം
അഡ്വക്കേറ്റ് ജനറൽ, കേരളാ, തിരുവനന്തപുരം.( ആമുഖ കത്ത് സഹിതം)
ശ്രീമതി.സൗമ്യ ജി., എൽ.ഡി.ക്ലർക്ക്/ബിൽ കളക്ടർ, കോട്ടയം നഗരസഭ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sonu Jacob
Date: 04-07-2023 16:07:28
സെക്ഷൻ ഓഫീസർ